**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3679** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ അടയ്ക്കാകൃഷിക്ക് മഹാളി രോഗം ഉൾപ്പെടെയുള്ള വിവിധ രോഗം ബാധിച്ചതിനാൽ അടയ്ക്കാ കർഷകർക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു പരിഹാരനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കവുങ്ങ് കൃഷിയെ ബാധിക്കുന്ന രോഗ കീടങ്ങളെ പ്രതിരോധിക്കുന്നതിന് കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ബി എൽ എ കെ സി യിലെ (BLAKC) കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെയുള്ള സംഘം കൃഷിയിടം സന്ദർശിച്ച് ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാങ്കേതിക ഉപദേശം നൽകി വരുന്നുണ്ട്. പെട്ടെന്നു കീടരോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതു മൂലമുള്ള വ്യാപനവും വിള നാശവും ഒഴിവാക്കാൻ സമയബന്ധിതമായി കൃഷി ഉദ്യോഗസ്ഥർ കൃഷിയിട പരിശോധന നടത്തുന്നതിനോടൊപ്പം തന്നെ പ്ലാൻറ് ഹെൽത്ത് ക്ലിനിക്കുകൾ, ഉപദേശ പത്രിക,ഡിജിറ്റൽ മാധ്യമം എന്നിവ മുഖേനയും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇത് കൂടാതെ പെസ്റ്റ് സ്കൗട്ടുകൾ റോവിങ് സർവ്വേ കൃഷിയിട സന്ദർശനം എന്നിവ നടത്തി മുൻകരുതലിനു വേണ്ടി സ്വീകരിക്കേണ്ട നിർദ്ദേശങ്ങളും ക്രോപ് ഫാർമസി മുഖേന അടിയന്തര ഘട്ടങ്ങളിൽ ആവശ്യമായ മരുന്നും കർഷകർക്ക് നൽകിവരുന്നുമുണ്ട് കമുകിന് കീടങ്ങൾ, രോഗങ്ങൾ എന്നിവ തടയുന്നതിനുള്ള ഉചിതമായ പ്രതിരോധ നടപടികളെ കുറിച്ചുള്ള ശുപാർശകൾ നൽകുക, രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള സംയോജിത രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നീ നടപടികൾ അവലംബിച്ച് വരുന്നു.<br><br>കാസർകോട് ജില്ലയിലെ കവുങ്ങ് കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 24/03/2025 ന ജില്ലയിലെ |

| | | | |
|---|---|---|---|
| | | | നിയമസഭാ സാമാജികർ ഐസിഎആർ കേന്ദ്ര തോട്ട ഗവേഷണ സസ്യ സംരക്ഷണം മേധാവി, കാർഷിക സർവകലാശാല പ്രതിനിധി, ജില്ലാ സബ് കളക്ടർ, കേരള സ്റ്റേറ്റ് പ്രൈസസ്ബോർഡ് ചെയർമാൻ, കൃഷി വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരുടെ യോഗം വിളിക്കുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. യോഗ തീരുമാനപ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവ്വകലാശാല എന്നിവയുടെ സംയോജിത പ്രവർത്തനം ഉറപ്പാക്കുന്നതിലേക്കായി ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. അപ്രകാരം രൂപീകരിച്ച ടാസ്ക് ഫോഴ്സ് രോഗബാധിത പ്രദേശം 22/09/2025-ന് സന്ദർശിച്ചു. മണ്ണ് സാമ്പിൾ പരിശോധിച്ചതിൽ അമ്ലത കൂടുതൽ ആണെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും ചെടികളെ ആരോഗ്യത്തോടെ നില നിർത്തുക,പൊട്ടാസിയം, മഗ്നീഷ്യം, നൈട്രജൻ വളങ്ങൾ കൃത്യമായ അളവിൽ ചേർക്കുക, മണ്ണിന്റെ പി എച്ച് ന്യൂട്രലായി നിലനിർത്തുക എന്നിങ്ങനെയുള്ള കൃത്യമായ ഇടപെടലിലൂടെ ഈ രോഗം നിയന്ത്രിക്കാൻ സാധിക്കും എന്ന് കമ്മിറ്റി വിലയിരുത്തി. കൂടുതൽ അടക്ക കൃഷിയുള്ള മേഖലകളിൽ എൽ എസ് ജി ഡി പദ്ധതിയിൽ ഉൾപ്പെടുത്തിഅടക്ക കൃഷിക്ക് സബ്സിഡി നിരക്കിൽ ജൈവവളം രാസവളം എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ വിവിധ കീടരോഗ പ്രതിരോധ മാർഗങ്ങളും നിർദേശങ്ങളും കർഷകർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | അടയ്ക്കാകർഷകർക്ക് പ്രത്യേക പാക്കേജ് അനുവദിച്ച് അവരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിലവിൽ പാക്കേജുകൾ ഒന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ